# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22.02.2025**

### പ്രധാനവാർത്തകൾ

1. **പിഎം-കിസാൻ പദ്ധതിയുടെ 19-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി തിങ്കളാഴ്ച ബിഹാറിലെ ഭാഗൽപൂരിൽ വിതരണം ചെയ്യും.**

2. **നൂതനാശയ മേഖലയിലും പേറ്റൻറ് മേഖലയിലും ഇന്ത്യ മുന്നേറുകയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ, കോട്ടയം ഐ ഐ ഐ ടിയുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി കേന്ദ്ര ധമന്ത്രി.**

3. **കേരളം കോപ്പറേറ്റീവ് ഫെഡറലിസത്തിൻറെ ഉത്തമ ഉദാഹരണമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.**

4. **374 കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ താത്പര്യം അറിയിച്ചതായി മന്ത്രി പി. രാജീവ്. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയ്ക്ക് കൊച്ചിയിൽ സമാപനം.**

5. **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ.**

6. **ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ നാളെ ഇന്ത്യ- പാക് പോരാട്ടം.**

**************************************

## പിഎം-കിസാൻ പദ്ധതി

പിഎം-കിസാൻ പദ്ധതിയുടെ 19-ാം ഗഡു പ്രധാനമന്ത്രി നരേന്ദ്രമോദി തിങ്കളാഴ്ച ബീഹാറിലെ ഭാഗൽപൂരിൽ വിതരണം ചെയ്യും. ഭൂവുടമകളായ കർഷകർക്ക് മൂന്ന് തുല്യ ഗഡുക്കളായി പ്രതിവർഷം ആറായിരം രൂപ ലഭ്യമാക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം ഇതുവരെ രാജ്യത്തെ 11 കോടിയിലധികം കർഷകർക്ക് 3.46 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. കർഷക ക്ഷേമമാണ് കേന്ദ്ര സർക്കാരിന്റെ പ്രഥമ പരിഗണനയെന്നും അദ്ദേഹം വ്യക്തമാക്കി.

************************************

RIU TVPM

## മൻകി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് നാളെ രാവിലെ 11ന്. മൻ കി ബാത്തിന്റെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലൂടെയും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത്ത് കേൾക്കാം.

************************************

## നിർമല സീതാരാമൻ - ഐ.ഐ.ഐ.ടി - ഇൻട്രോ

നൂതനാശയ മേഖലയിലും പേറ്റന്റ് മേഖലയിലും ഇന്ത്യ അതിവേഗം മുന്നേറുകയാണെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. കോട്ടയത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ 6-ാമത് ബിരുദ ദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര

ധനമന്ത്രി. നിർമ്മിത ബുദ്ധി ഉപയോഗത്തിലും രാജ്യം ഏറെ മുൻപന്തിയിലാണെന്നും ധനമന്ത്രി പറഞ്ഞു. ജീവിതം സുഗമമാക്കുന്നതിൽ സാങ്കേതിക വിദ്യയുടെ പങ്ക് വലുതാണെന്നും ശ്രീമതി സീതാരാമൻ അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

വിദ്യഭ്യാസ ഗവേഷണ രംഗത്ത് കോട്ടയം ഐ ഐ ഐ ടി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അധ്യാപകരെയും വിദ്യാർത്ഥികളെയും കേന്ദ്ര ധനമന്ത്രി അഭിനന്ദിച്ചു. പുതിയ അക്കാദമിക് ബ്ലോക്കിൻറെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു.

************************************

## ജോർജ് കുര്യൻ

കേരളം കോപ്പറേറ്റീവ് ഫെഡറലിസത്തിൻറെ ഉത്തമ ഉദാഹരണമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. റോഡ്, റെയിൽ, വ്യോമ, തുറമുഖ മേഖലകളിലെ വികസനത്തിന് കേരളത്തിന് കേന്ദ്രം വലിയ പിന്തുണയാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന പ്രവർത്തനങ്ങളിൽ കേരളത്തിൻറെ ഭാഗത്തുനിന്നുള്ള പ്രതികരണം മാതൃകാപരമാണെന്നും ശ്രീ ജോർജ് കുര്യൻ ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. രാജ്യത്തെ വികസിത രാഷ്ട്രമാക്കുന്നതിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും കേന്ദ്രസഹമന്ത്രി പറഞ്ഞു.

************************************

RNU TVPM

## കെ എൻ ബാലഗോപാൽ -ഇൻട്രോ

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിലെ നിക്ഷേപകരുടെ വിശ്വാസമാണ് നിക്ഷേപം വർദ്ധിപ്പിക്കാൻ കാരണമായതെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇൻവസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്ഥായിയായ സർക്കാരും മികച്ച നയങ്ങളും അടിസ്ഥാന സൗകര്യ വികസനവും കേരളത്തിലുണ്ടെന്നും വിഴിഞ്ഞം പ്രവർത്തനക്ഷമമായതോടെ നിക്ഷേപ അന്തരീക്ഷം കൂടുതൽ മെച്ചപ്പെട്ടതായും ശ്രീ ബാലഗോപാൽ അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്)

***********************************

## പി രാജീവ് - ഇൻട്രോ

കേരളത്തെ നിക്ഷപ സൗഹൃദമാക്കുന്നതിനുള്ള യാത്രയുടെ തുടക്കമാണ് ഇൻവെസ്റ്റ് കേരള നിക്ഷേപക ഉച്ചകോടിയെന്ന് വ്യവസായ മന്ത്രി പി രാജീവ്. 374 കമ്പനികൾ കേരളത്തിൽ നിക്ഷേപം നടത്താൻ താത്പര്യം അറിയിച്ചതായും 24 ഐടി കമ്പനികൾ നിലവിലുള്ള സംരംഭം വികസിപ്പാക്കാൻ സന്നദ്ധത അറിയിച്ചതായും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

നിക്ഷേപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും മന്ത്രി പി രാജീവ് പറഞ്ഞു.

***********************************

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 28 തദ്ദേശവാർഡുകളിൽ മറ്റന്നാൾ നടക്കുന്ന വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് വോട്ടെടുപ്പ്. വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ 30 വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ്. കാസർകോട് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പാറ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ നല്ല വാർത്ത എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

PIU TVPM

************************************

## വീണ ജോർജ് - nPROUD

ഉപയോഗശൂന്യമായ മരുന്നുകളുടെ ശാസ്ത്രീയമായ നിർമാർജ്ജനം ലക്ഷ്യമാക്കി ആരംഭിക്കുന്ന സംസ്ഥാന സർക്കാരിൻറെ നൂതന സംരംഭമായ nPROUD ൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഓൺലൈനായി നിർവഹിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി കോഴിക്കോട് കോർപ്പറേഷനിലും ഉള്ളിയേരി ഗ്രാമപഞ്ചായത്തിലുമാണ് നടപ്പിലാക്കുന്നത്.

************************************

**അന്താരാഷ്ട്ര നാടകോത്സവം - ഇൻട്രോ**

പതിനഞ്ചാമത് കേരള അന്താരാഷ്ട്ര നാടകോത്സവം നാളെ മുതൽ മാർച്ച് 2 വരെ തൃശൂരിൽ നടക്കും. മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

(വോയ്സ്)

************************************

**നാടക മത്സരം**

കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച സംസ്ഥാന അമേച്വർ നാടകമത്സരത്തിന്റെ ഫലം പ്രഖ്യാപിച്ചു. 14 വിഭാഗങ്ങളിലേക്കായുള്ള പുരസ്കാരമാണ് പ്രഖ്യാപിച്ചത്. ജോബ് മഠത്തിലിന്റെ മാടൻ മോക്ഷം മികച്ച നാടകം, മികച്ച സംവിധായൻ എന്നീ പുരസ്കാരങ്ങൾ കരസ്ഥമാക്കി.

RNU TVPM

************************************

**ഐഎസ്എൽ**

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ്, എഫ് സി ഗോവയെ നേരിടും. രാത്രി 7.30 ന് ഗോവയിലാണ് മത്സരം. നിലവിൽ പഞ്ചാബ് എഫ്.സി, ഈസ്റ്റ് ബംഗാൾ മത്സരം പുരോഗമിക്കുകയാണ്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഈസ്റ്റ് ബംഗാൾ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് മുന്നിലാണ്.

************************************

## ചാമ്പ്യൻസ് ട്രോഫി

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും. ദുബായ് അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് മത്സരം. ബംഗ്ലാദേശിനെ കഴിഞ്ഞ മത്സരത്തിൽ ആറു വിക്കറ്റിന് തോൽപ്പിച്ചതിന്റെ ആത്മവിശ്വാസത്തിലാണ് രോഹിത് ശർമയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം നാളെ കളത്തിലിറങ്ങുന്നത്. ഇപ്പോൾ നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഓസ്ട്രേലിയയ്ക്ക് 352 റൺ വിജയലക്ഷ്യമാണുള്ളത്.

************************************

## പി.സി.ജോർജ് - ഹാജരാകും

മതവിദ്വേഷ പരാമർശം നടത്തിയെന്ന കേസിൽ മുൻ എംഎൽഎയും ബിജെപി നേതാവുമായ പി.സി.ജോർജ് തിങ്കളാഴ്ച പോലീസിന് മുന്നിൽ ഹാജരാകും.പിസി ജോർജ്ജിന്റെ മുൻകൂർ ജാമ്യാപേക്ഷ കോട്ടയം ജില്ലാ സെഷൻസ് കോടതിയും തുടർന്ന് ഹൈക്കോടതിയും തള്ളിയിരുന്നു. ഇക്കഴിഞ്ഞ ജനുവരി ആറിന് ഒരു ചാനൽ ചർച്ചയിൽ നടത്തിയ പരാമർശത്തിനെതിരെയാണ് ഈരാറ്റുപേട്ട പൊലീസ് കേസെടുത്തത്.

RNI TVPM

************************************

## നവജാത ശിശു-വിദഗ്ധ പരിചരണം

ഝാർഖണ്ഡ് സ്വദേശികളായ അച്ഛനമ്മമാർ സ്വകാര്യ ആശുപത്രി ഐസിയുവിൽ ഉപേക്ഷിച്ച് പോയ നവജാത ശിശുവിന് വിദഗ്ധ പരിചരണം ഉറപ്പാക്കി സംസ്ഥാന സർക്കാർ. എറണാകുളം ജനറൽ ആശുപത്രിയിലെ സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റിലാണ് ചികിത്സയിലുള്ളത്. കുഞ്ഞിന് പ്രത്യേക

കരുതലൊരുക്കണമെന്ന് മന്ത്രി വീണാ ജോർജ് ആശുപത്രി സൂപ്രണ്ടിന് നിർദേശം നൽകി.

*****************************************************

***********************************

**********************

RNU TVPM